newage ന്യൂഏജ്
The First Regional Business Daily

Editorial

# അമൃത എന്ന സൂപ്പർ ബ്രാൻഡ്

**ഐടി, എഞ്ചിനീയറിങ്, ബയോ ടെക്‌നോളജി, ആയുർവേദ തുടങ്ങിയ വിവിധ രംഗങ്ങളിലായി നിരവധി സ്ഥാപനങ്ങളാണ് കുറച്ചു കാലത്തിനുള്ളിൽ തന്നെ അമൃതാനന്ദമയീ മഠം സാധ്യമാക്കിയത്. ഇവയിലെല്ലാം തന്നെ വിവിധ ഗവേഷണങ്ങളും നടക്കുന്നു**

ഒരു ബ്രാൻഡ് സൃഷ്ടിക്കപ്പെടുന്നത് മറ്റുള്ളവരിൽ നിന്നും തികച്ചും വ്യത്യസ്തമായി നിൽക്കുമ്പോഴാണ്. ഇങ്ങനെ വളരെ ചുരുങ്ങിയ കാലം കൊണ്ട് ഏറ്റവും പോസറ്റീവായ അർത്ഥത്തിൽ ഒരു സൂപ്പർ ബ്രാൻഡായി മാറിയ വ്യക്തിത്വമാണ് അഥവാ പ്രസ്ഥാനമാണ് അമൃതാനന്ദമയി. അവർക്കുള്ളത് വ്യത്യസ്തമായ ലീഡർഷിപ്പ് സ്റ്റൈലും, വ്യത്യസ്തമായ മാനേജ്മെന്റ് സ്റ്റൈലുമാണ്. ഈ വ്യത്യസ്തതയാണ് അമൃതാനന്ദമയി എന്ന നേതൃത്വത്തെ, അതിന് കീഴിൽ വരുന്ന നിരവധി സ്ഥാപനങ്ങളെ , പല വിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ ഏക സ്വരത്തിൽ , ഏക സമ്പ്രദായത്തിൽ മുന്നോട്ട് കൊണ്ടുപോകുന്നത്.

ഏതാണ്ട് ഇരുപത് വർഷം മുമ്പ് കേവലം 37 വയസ്സുമാത്രം പ്രായമുള്ളപ്പോഴാണ് അമ്മ എന്ന ഇമേജിൽ അമൃതാനന്ദമയി ആഗോള ശ്രദ്ധ നേടുന്നതും ഒരു പ്രസ്ഥാനമായി മാറുന്നതും. വള്ളിക്കാവിലെ അമൃതപുരിയിലേക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിശ്വാസികളും സമ്പത്തും സേവനവും ഒഴുകിയെത്തി. കേരളത്തിലെ വിവിധ പ്രസ്ഥാനങ്ങൾ എങ്ങനെയായിരിക്കരുത് ഒരു പ്രസ്ഥാനത്തിന്റെ പ്രവർത്തനം എന്നതിന് മാതൃകയാകുമ്പോൾ അമൃതാനന്ദമയീ മഠം സാമൂഹ്യസേവന രംഗത്തെ പ്രൊഫഷണൽ സമീപനത്തിന് മാതൃകയാകുന്നു. ഉന്നത അക്കാദമിക് വിദ്യാഭ്യാസമില്ലാത്ത, സമ്പത്തികമില്ലായിരുന്ന, മറ്റ് പിന്തുണകളൊന്നുമില്ലായിരുന്ന ഒരു സ്ത്രീയുടെ അദ്ധ്യാത്മിക നേതൃത്വം ഇന്ത്യൻ രാഷ്ട്രീയത്തിലെ ഉരുക്കുമുഷ്ടി എന്ന് വിശേഷിപ്പിക്കപ്പെടുന്ന എൽ കെ അദ്വാനി യെക്കൊണ്ടുപോലും അംഗീകരിപ്പിക്കുന്ന തരത്തിലേക്ക് എത്തിചേർന്നത് ആൾദൈവങ്ങളുടെ പതിവ് വിഭൂതിപ്രകടനങ്ങളിലൂടെയായിരുന്നില്ല, മറിച്ച് ചിട്ടയായ പ്രവർത്തനങ്ങളിലൂടെ വിവിധ സാമൂഹിക സേവനങ്ങളെ ഏകോപിപ്പിച്ച് സമൂഹത്തിന് നിഷേധിക്കാനാകാത്ത നേതൃത്വമായി മാറിക്കൊണ്ടായിരുന്നു.

അദ്ധ്യാത്മിക നേതൃത്വത്തോടൊപ്പം വിദഗ്ധമായി മാനേജീരിയൽ നേതൃത്വവും ഏറ്റെടുത്ത് വിജയകരമായി നടപ്പിലാക്കുന്നു എന്നതാണ് അമൃതാനന്ദമിയുടെ വിജയത്തിന് പിന്നിലെ അത്ഭുതപ്പെടുത്തുന്ന കാര്യം. വർഷങ്ങൾക്ക് മുമ്പ് എറണാകുളം ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വെച്ച് നടത്തിയ പിറന്നാളാഘോഷത്തിന്റെ ഭാഗമായി അമൃതാനന്ദമയി ലോകത്തെ പ്രമുഖ കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സിഇഒമാരുടെ ഒരു മീറ്റ് സംഘടിപ്പിച്ചിരുന്നു. ഭാരതത്തിലെ ഒരു അദ്ധ്യാത്മിക നേതൃത്വത്തിനും അതുവരെ സാധിക്കാതിരുന്ന കാര്യം. അദ്ധ്യാത്മിക നേതൃത്വം മതപ്രചാരണത്തിനല്ല, സാമൂഹിക പുരോഗതിക്കാണ് ഉപയോഗപ്പെടുത്തേണ്ടതെന്ന വ്യക്തമായ സന്ദേശമാണ് അതിലൂടെ ഉണ്ടായത്. ലോകം തന്നെ ആദരിക്കുന്ന ഈ വ്യക്തി കോർപ്പറേറ്റുകളെ കൂട്ടിയിണക്കിയത് കേരളത്തിലേക്ക്, ഇന്ത്യയിലേക്ക് എങ്ങനെ ഫണ്ടെത്തിക്കാമെന്നതിനായിരിക്കുമെന്ന കാര്യം സുവ്യക്തമാണല്ലോ. വർഷങ്ങൾക്കകം കൊച്ചിയിൽ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പൂർത്തിയായി. ഇന്നത് ഇന്ത്യയിലെ തന്നെ ആതുര സേവന രംഗത്തെ മികച്ച സ്ഥാപനമാണ്.

അമൃതാനന്ദമയി മഠം നടത്തുന്ന അമൃത ടെലിവിഷൻ ചാനൽ അദ്ധ്യാത്മിക നേതൃത്വത്തിന്റെ മാനേജ്മെന്റ് മികവിന് മറ്റൊരു മികച്ച ഉദാഹരണമാണ്. പല മത സംഘടനകളും രാഷ്ട്രീയ പാർട്ടികളും നടത്തുന്ന പത്രങ്ങളുടേയും മറ്റും ഗതിയെന്താണ്. മതവും രാഷ്ട്രീയവും അതുമായി കൂട്ടികുഴയ്ക്കുന്നതുകൊണ്ട് പ്രൊഫഷണലിസം തീരെ പറ്റാതെ പോകുന്നു. എന്നാൽ പ്രൊഫഷണലിസത്തിന്റെ മാതൃകയാകുകയാണ് അമൃതാനന്ദമയിയുടെ ഓരോ സ്ഥാപനവും. ഐടി, എഞ്ചിനീയറിങ്, ബയോടെക്‌നോളജി, ആയുർവേദ തുടങ്ങിയ വിവിധ രംഗങ്ങളിലായി നിരവധി സ്ഥാപനങ്ങളാണ് കുറച്ചു കാലത്തിനുള്ളിൽ തന്നെ അമൃതാനന്ദമയീ മഠം സാധ്യമാക്കിയത്. ഇവയിലെല്ലാം തന്നെ വിവിധ ഗവേഷണങ്ങളും നടക്കുന്നു. കേരളത്തിൽ ഒന്നും മര്യാദയ്ക്ക് നടക്കില്ലെ ന്ന പതിവ് പല്ലവിക്ക് ഒരു മറുപടികൂടിയാണ് ഇവരുടെ പ്രവർത്തനങ്ങൾ. ഏത് സ്ഥാപനവും സുഗമമായി മുന്നോട്ട് പോകണമെങ്കിൽ ചിട്ടയായി കൃത്യമായി പ്രവർത്തനങ്ങൾ നടത്തിക്കാനും ഏകോപിപ്പിക്കാനും തികഞ്ഞ പ്രൊഫഷണൽ സമീപനവും ഇഛാശക്തിയും വേണമെന്ന് അമൃതാനന്ദമയിയുടെ സ്ഥാപനങ്ങൾ കോർപ്പറേറ്റ് ലോകത്തെ ഓർമ്മപ്പെടുത്തുകയാണ്.

## എല്ലാ സ്ഥാപനങ്ങളും അമ്മ നടത്തുന്നു

ബ്രഹ്മചാരി ധ്യാനാമൃത



അമൃതാനന്ദമയി മഠത്തിന്റെ എല്ലാ പ്രവർത്തനങ്ങളും തുടക്കം അമ്മയുടെ അടുത്ത് വന്ന് സങ്കടം പറഞ്ഞവരോടുള്ള അലിവിൽ നിന്നാണ്. അങ്ങനെയല്ലാതെ ആരും സൗജന്യമായി ഹൃദയശസ്ത്രക്രിയയ്ക്കുള്ള ആശുപത്രി തുടങ്ങുകയില്ലല്ലോ. മൂന്ന് വർഷം സൗജന്യമായി നടത്തിയതിന് ശേഷമാണ് ചില നിയന്ത്രണങ്ങൾ വേണമെന്ന് അമ്മയ്ക്ക് തോന്നിയത്. അമൃതാനന്ദമയി മഠം ചെയ്യുന്നതെല്ലാം സേവനമാണ്. ചെയ്യുന്ന ആൾക്ക് കാരുണ്യം ഉണ്ടാകണം. അതാണ് പ്രധാനം. ജനങ്ങൾക്ക് ഒരു വിശ്വാസം ഉണ്ട്, പത്തുരൂപ അമ്മയ്ക്ക് സംഭാവന നൽകിയാൽ അമ്മ അത് നൂറാക്കി ജനങ്ങൾക്ക് തന്നെ തിരികെ നൽകും എന്ന്. അമ്മ ഒന്നും എടുത്ത് അനുഭവിക്കുന്നില്ല. ആ വ്യക്തിപ്രഭാവമാണ് ഈ വിജയത്തിനൊക്കെ അടിസ്ഥാനം. അമ്മ ചെയ്യുന്നതേ അമ്മ പറയാറുള്ളു. നിരവധി സ്ഥാപനങ്ങൾ, വളരെയേറെ പ്രവർത്തനങ്ങൾ ഒക്കെ ശരിയാംവണ്ണം നടത്തിക്കൊണ്ട് പോകാനുള്ള കഴിവ് അമ്മയ്ക്ക് സ്വാഭാവികമായി തന്നെയുണ്ട്. ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവർക്ക് ഗുണകരമായി മാറണം എന്നതാണ് അമ്മയുടെ മനസ്സ്.

അമൃതാനന്ദമയി മഠത്തിന്റെ എല്ലാ സ്ഥാപനങ്ങളും നടത്തുന്നത് അമ്മ തന്നെയാണ്. അവയുടെ മൈക്രോ മാനേജ്മെന്റ് മുതൽ ടോപ് ലവൽവരെയെല്ലാം അമ്മ തന്നെ ചെയ്യുന്നു. പിന്നെ അമ്മ ഓരോരുത്തരേയും ഓരോ ജോലി ഏൽപ്പിച്ചിട്ടുണ്ട്. അവർക്ക് അബദ്ധം പറ്റുമ്പോൾ അമ്മ അത് തിരുത്തുന്നു. പല ജോലികളിലും അമ്മയെ സേവിക്കുന്നത് യുഎസിലൊക്കെ ഉന്നത സ്ഥാനങ്ങളിലിരുന്നവരാണ്. അമ്മ ചില പ്രവർത്തനങ്ങൾ തുടങ്ങണം എന്ന് കരുതുമ്പോൾ അതിനായി ആരെങ്കിലും എത്തിചേരുന്നു എന്നതാണ് ഉണ്ടാകാറ്. ഇങ്ങനെ വന്ന് ആശ്രമത്തിൽ ഒറ്റ മുറിയിൽ കുടുംബസമേതം താമസിച്ച ഒരു യുഎസ് ഡോക്ടറാണ് ഇന്ന് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ ഡയറക്ടർ. യുഎസിൽ ദിനംപ്രതി 20000 ഡോളറായിരുന്നു അദ്ദേഹത്തിന്റെ വരുമാനം, അത് കളഞ്ഞാണ് അമ്മയെ സേവിക്കാനെത്തിയത്. ഇങ്ങനെ എത്രയോ പേർ.

ഒരു സ്ഥാപനം എങ്ങനെയാണ് നടത്തേണ്ടതെന്ന് അമ്മയ്ക്ക് ഒരു വിഷൻ ഉണ്ട്. ഒരു ആശുപത്രിയാകുമ്പോൾ അവിടെയെത്തുന്ന രോഗിക്ക് സുഖം ഉണ്ടാകണം എന്നതാണ് അടിസ്ഥാന തത്വം. അമൃത ആശുപത്രി ഇന്ന് ഒരു മികച്ച സ്ഥാപനമായിരിക്കുന്നു. ഭാരതത്തിൽ നല്ലൊരു സ്ഥാപനം വരണം എന്ന അമ്മയുടെആഗ്രമാണ് അത് സാധ്യമാക്കിയിരിക്കുന്നത്.

അമൃത ആശുപത്രി മാത്രമല്ല മറ്റ് നിരവധി പ്രവർത്തനങ്ങൾ അമ്മ നടത്തുന്നുണ്ട്. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി നടത്തുന്ന പ്രവർത്തനത്തിൽ ഇപ്പോൾ 5000ത്തോളം ഗ്രൂപ്പുകളുണ്ട്. ഒരു ഗ്രൂപ്പിൽ 10–20 പേർവീതമാണുള്ളത്. എങ്ങനെ ഒരു ബിസിനസ്സ് സംരംഭം ആരംഭിക്കാം, എങ്ങനെ ഉത്പാദനം നടത്താം, എങ്ങനെ മാർക്കറ്റ് ചെയ്യാം, എവിടെ മാർക്കറ്റ് കിട്ടും, തുടങ്ങിയ കാര്യങ്ങളെല്ലാം മഠം പഠിപ്പിക്കുന്നുമുണ്ട്. കൂടാതെ ഇവർക്ക് മൂലധനത്തിനായുള്ള ബാങ്ക് വായ്പയ്ക്ക് മഠം ബാങ്കുകൾക്ക് ഗാരന്റി നൽകുകയും ചെയ്യുന്നു. കേരളത്തിൽ കൂടാതെ തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലും കർണാകടത്തിൽ മാംഗ്ലൂരിലും ഈ പ്രവർത്തനം നടക്കുന്നുണ്ട്. അതുപോലെ വിദ്യാമൃതം സ്കൂൾ സ്കോളർഷിപ്പ്. പഠിത്തത്തിൽ മിടുക്കുള്ള കുട്ടികൾക്ക്, പഠിക്കാൻ സാമ്പത്തിക ശേഷിയില്ലാത്തവർക്ക് അമ്മ നൽകുന്ന ആശ്വാസമാണ്. മറ്റൊന്ന് വിധവകൾക്കും വികാലാംഗർക്കും നൽകുന്ന അമൃതനിധി പെൻഷനാണ്. അതുപോലെ നിർധനരായവർക്ക് വീട് നിർമിച്ച് നൽകുന്ന അമൃതകുടീരം പരിപാടിയും അമ്മ നടത്തുന്നുണ്ട്. സുനാമി ദുരിതാശ്വാസത്തിന്റെ ഭാഗമായിതന്നെ 6200 ഓളം വീടുകൾ ഇങ്ങനെ പണിത് കൊടുത്തു. സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അമ്മ ലോകത്തിന് തന്നെ മാതൃകയായി എന്ന് സംസ്ഥാന സർക്കാർ തന്നെ സമ്മതിച്ചിട്ടുള്ളതാണ്.

ഇന്ത്യയിലെ 35 കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിയുള്ള ടെലിമെഡിസിൻ സേവനം അതുരസേവന രംഗത്തെ അമ്മയുടെ വ്യത്യസ്തമായ ഒരു പ്രവർത്തനമാണ്. ലേ ലഡാക്ക് മുതൽ ആന്റമാൻ വരെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എയിംസ്) ഈ സേവനം ലഭ്യമാക്കുന്നുണ്ട്. കൺസൾട്ടേഷൻ സൗജന്യമാണിതിൽ. അതുപോലെ ഐടി, മെഡിക്കൽ , എഞ്ചിനീയറിങ് തുടങ്ങിയ എല്ലാ രംഗത്തും ഗവേഷണവും ഇവിടെ നടക്കുന്നുണ്ട്. റിസർച്ചിന് ഇത്രയധികം പ്രധാന്യം കൊടുക്കുന്ന ഗുരുക്കന്മാർ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. അമ്മ പറയുന്നത് ഗവേഷണം ഒരു സേവനം തന്നെയാണ് എന്നാണ്. ഗവേഷണത്തിലൂടെ ശ്രീചിത്രയിൽ ഹൃദയവാൽവ് വികസിപ്പിച്ചെടുത്തപ്പോഴാണല്ലോ പാവപ്പെട്ടവർക്കും അത് ഉപയോഗപ്പെടുത്താമെന്നായത്. അതിനാൽ റിസർച്ചിനായി ചെലവഴിക്കപ്പെടുന്ന സമയം സമൂഹത്തിനായി തന്നെയാണ് ചെലവഴിക്കുന്നതെന്നത് അമ്മ പറയുന്നു.

ഇന്ന് അമ്മയുടെ 57–ാം പിറന്നാൾ ആഘോഷ വേളയിൽ നാടിന്റെ ശുചീകരണ പ്രവർത്തനത്തിൽ മഠം പങ്കാളിയാകുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപം ഉണ്ടാകുകയാണ്. ഭാരതത്തിലെ ജനങ്ങൾക്ക് ശുചീകരണ ബോധം ഇല്ല. മാലിന്യം റോഡിൽ ഇടുന്നു, പൊതു നിരത്തുവക്കുകളിൽ പോലും മലമൂത്രവിസർജനം ചെയ്യുന്നു. സ്ത്രീകൾക്ക് വീട്ടിൽ നിന്ന് ഇറങ്ങിയാൽ പിന്നെ മൂത്രമൊഴിക്കുന്നതിനുള്ള സൗകര്യം പോലും ഇല്ല. ഇത്തരം കാര്യങ്ങളിൽ ആർക്കും വലിയ താത്പര്യമില്ല. ജനങ്ങൾക്കാകട്ടെ വേണ്ടത്ര ബോധവുമില്ല. ഇന്ത്യയുടെ ഈ സ്ഥിതിയിൽ വിദേശ രാജ്യങ്ങൾക്ക് വളരെ പുച്ഛമാണ്.ഇത് മാറ്റാൻ പുതിയ തലമുറയിൽ പെട്ടവരെ ബോധവത്ക്കരിക്കുക എന്നതാണ് പ്രധാന പരിപാടി. 2007 ൽ മഞ്ചേരിയിലെ ഒരു പൊതു പരിപാടിയിൽ വെച്ച് അമ്മ പ്രഖ്യാപിച്ചതാണ് ശുചീകരണത്തിനുള്ള പദ്ധതി ആവിഷ്കരിച്ചാൽ അതിൽ പങ്കാളിയാകാം എന്ന്. പക്ഷെ ആരും മുന്നോട്ട് വന്നില്ല. എന്നാൽ കഴിഞ്ഞ 5–6 മാസമായി അമ്മ അമ്മയുടെ എഞ്ചിനീയറിങ്, ബയോടെക്‌നോളജി, മെഡിക്കൽ വിദ്യാർത്ഥികളുടെ സഹകരണത്തോടെ വള്ളിക്കാവ് മുതൽ വവ്വാക്കാവ് വരെയുള്ള 5 കിലോമീറ്റർ ദൂരത്തിൽ ഇത് നടപ്പിലാക്കി വരുകയാണ്. ആദ്യം പരിഹാസമായിരുന്നെങ്കിലും ഇപ്പോൾ ജനങ്ങളും ഇതിനോട് നന്നായി സഹകരിക്കുന്നുണ്ട്.ഇങ്ങനെ കേരളത്തിലെ ഓരോ വിദ്യാഭ്യാസ സ്ഥാപനവും 4–5 കിലോമീറ്റർ വെച്ച് ശുചിയാക്കാൻ തയ്യാറായാൽ കേരളം മുഴുവൻ ശുചിയാകും. ഇങ്ങനെ സമൂഹത്തിന്റെ ആകെ പുരോഗതിക്ക് വേണ്ടുന്ന ചെറുതും വലുതുമായ നിരവധി പ്രവർത്തനങ്ങൾ മഠം നടത്തിക്കൊണ്ടിരിക്കുന്നു. അമ്മയുടെ സ്നേഹത്തിലേക്ക്, വ്യക്തിപ്രഭാവത്തിലേക്ക് പുതിയ ആളുകൾ വന്നു ചേർന്നുകൊണ്ടുമിരിക്കുന്നു.

(അമൃതാനന്ദമയി മഠത്തിന്റെ മീഡിയാ റിലേഷൻ ചുമതല വഹിക്കുന്നയാളാണ് ലേഖകൻ)

## എല്ലാ മാനേജ്മെന്റ് തത്വങ്ങളും അവിടെ കൃത്യമായി പാലിക്കപ്പെടുന്നു

പി കെ എബ്രഹാം



ഇന്ത്യയിൽ എന്നല്ല ലോകത്തുതന്നെ മറ്റെങ്ങും കാണാനാകാത്ത, തികച്ചും വ്യത്യസ്തമായ പ്രവർത്തന രീതിയും സമീപനവുമാണ് അമൃതാനന്ദമയിക്കുള്ളത്. ഒരു കമ്പനിയോ കോർപ്പറേഷനോ ചെയ്യേണ്ടതുപോലെയാണ് അവരുടെ ഓരോ സ്ഥാപനവും പ്രവർത്തിക്കുന്നത്. അതാണ് മറ്റ് സന്യാസി മഠങ്ങൾ, സഭകൾ എന്നിവയിൽ നിന്നൊക്കെ വ്യത്യസ്തമായ വിജയം കുറഞ്ഞ കാലം കൊണ്ടു തന്നെ അമൃതാനന്ദമയിക്ക് നേടാനായതിന് കാരണം. 1992 ൽ ദീപിക പത്രത്തിന്റെ തലപ്പത്തിരിക്കുമ്പോൾ ഞാൻ അവരെ ഇന്റർവ്യു ചെയ്തിട്ടുണ്ട്. അന്ന് അവർ അത്രവലിയ ശ്രദ്ധാകേന്ദ്രമൊന്നും ആയിട്ടില്ല. എന്നാൽ അന്ന് തന്നെ ഇവർ വലിയൊരു അന്താരാഷ്ട്ര ശ്രദ്ധാകേന്ദ്രമാകുമെന്ന് , വലിയൊരു നേതൃത്വമാകാൻ പോകുന്നുവെന്ന് എനിക്ക് തോന്നിയിരുന്നു. കാരണം അന്നേതന്നെ അദ്ധ്യാത്മികമായ പ്രവർത്തനം മാത്രമല്ല, സാമൂഹ്യപുരോഗതി കൂടി ലക്ഷ്യമാക്കിയുള്ള പ്രവർത്തനത്തിന്റെ പന്ഥാവിലായിരുന്നു അമൃതാനന്ദമയി. എന്റെ അഭിമുഖത്തെ ചൊല്ലി ദീപികയിലും പൊതുവിൽ മാധ്യമലോകത്തു തന്നെയും അന്ന് ചില വിവാദങ്ങൾ ഉണ്ടാകുകയും ചെയ്തു. അന്ന് ആളുകൾ സംശയാലുക്കളായിരുന്നു, എന്നാൽ ഇന്ന് അവർ നിഷേധിക്കാനാകാത്ത ഒരു വ്യക്തിത്വമായി , നേതൃത്വമായി ഉയർന്നുകഴിഞ്ഞിരിക്കുന്നു.



അമൃതാനന്ദമയിയുടെ വിജയം എന്നത് അവർ മാനേജിങ്ങിലും ലീഡർഷിപ്പിലും കാണിക്കുന്ന അനന്യസാധാരണമായ പാടവമാണ്. ലീഡർഷിപ്പിലൂടെ മാനേജ്ചെയ്യുകയാണ് അവർ. ഇതാണ് ആ ഓർഗനൈസേഷന്റെ പ്രത്യേകതയും. ഉദാഹരണത്തിന് അമൃതാ ടെലിവിഷൻ, അടിസ്ഥാനപരമായി അവർ അതിനെ ഒരു പക്കാ കോർപ്പറേറ്റ് സ്ഥാപനം തന്നെയാണാക്കിയിരിക്കുന്നത്. മറ്റ് പല അദ്ധ്യാത്മിക സംഘങ്ങളും രാഷ്ട്രീയ പാർട്ടികളും ഒക്കെ ചാനൽ നടത്തുന്നുണ്ടല്ലോ, അവ പ്രവർത്തന വിജയത്തിന്റെ കാര്യത്തിൽ അമൃതയുടെ അടുത്തെത്തുന്നുണ്ടോ? അമൃതയുടെ വിജയത്തിന് കാരണം അവരുടെ മാനേജ്മെന്റ് വളരെ മികച്ചതാണെന്നതാണ്.

ഇത്തരത്തിൽ മികച്ച കോർപ്പറേറ്റ് മാനേജ്മെന്റുള്ളപ്പോൾ തന്നെ മറ്റൊരു തലത്തിൽ അദ്ധ്യാത്മികമായ നേതൃത്വവും അമൃതാനന്ദമയി നടത്തുന്നു. ഇതിന് അവർ പല മാധ്യമങ്ങൾ ഉപയോഗിക്കുന്നു. ആശ്രമം, ധ്യാനം, പ്രാർത്ഥന, ഭജന, പ്രഭാഷണം എന്നിങ്ങനെ പല വഴികൾ. ലക്ഷക്കണക്കിന് ആളുകൾ അവിടെ ചെല്ലുന്നത് അവർക്ക് എന്തോ കിട്ടുന്നതുകൊണ്ടാണ്. അത് സ്പിരിചൽ ലീഡർഷിപ്പിലൂടെയാണ് അവർ സാധ്യമാക്കുന്നതെന്നു മാത്രം. പിന്നെ ഇതിന് അവരെ സഹായിക്കാൻ ഒരോ കേഡറിലുമുള്ള ആളുകളുമുണ്ട്. ഇവിടെ അദ്ധ്യാത്മിക നേതൃത്വത്തിനാണ് അവർ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. ഇതുതന്നെയാണ് മാനേജ്മെന്റ് തലത്തിലും അവർ നടത്തുന്നത്. എന്നാൽ അവിടെ പ്രധാന്യം കൊടുത്തുകാണുന്നത് മാനേജ്മെന്റിനാണ്. മെഡിക്കൽ കോളേജ്, ഐടി സ്ഥാപനം, നേഴ്സിങ് സ്ക്കൂൾ തുടങ്ങിയവയുടെ സുഗമമായ ദൈനംദിന പ്രവർത്തനങ്ങൾക്ക് അത് കൂടിയേ തീരു എന്ന തിരിച്ചറിവാണ് ഇവിടെ ശ്രദ്ധേയമായ കാര്യം. അതിനാൽ ഓരോ സ്ഥാപനങ്ങളുടേയും മുകളിൽ നിയമിച്ചിരിക്കുന്നത് അതാത് രംഗങ്ങളിൽ പ്രാവീണ്യമുള്ള പ്രൊഫഷണൽ മാനേജർമാരെയാണ്. അവരുടെ പ്രവർത്തന പരിചയത്തിനും മികവിനും മുൻതൂക്കം കൊടുത്തുകൊണ്ട് അദ്ധ്യാത്മിക നേതൃത്വം പരോക്ഷമായിട്ട് നടപ്പിലാക്കുകയാണ് അമൃതാനന്ദമയി ചെയ്യുന്നത്.

എല്ലാ മാനേജ്മെന്റ് തത്വങ്ങളും അവിടെ കൃത്യമായി പാലിക്കപ്പെടുന്നു. പ്ലാനിങ്, ഓർഗനൈസിങ്, ലീഡർഷിപ്പ് തുടങ്ങിയവയെല്ലാം തന്നെ വിജയകരമായി നടപ്പിലാക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ രംഗം, ടെക്നിക്കൽ– പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം തന്നെ കൊമേഴ്സ്യലായി , ബിസിനസ് മാനേജ്മെന്റ് അനുസരിച്ചുള്ള പ്രവർത്തനമാണ് നടക്കുന്നത്. ടെലിവിഷൻ ചാനൽ പ്രവർത്തിപ്പിക്കുന്നത് അദ്ധ്യാത്മിക ലൈനിലല്ല, കൊമേർഷ്യൽ ലൈനിൽ തന്നെയാണ്. അതാണ് ഇവയുടെ എല്ലാം മികച്ച വിജയത്തിന് അടിസ്ഥാന കാരണം. അമൃതാനന്ദമയിയുടെ എല്ലാ പ്രവർത്തനങ്ങളും അതിന്റെ പ്രയോഗിക തലത്തിൽ പ്രൊഫഷണലായി നടപ്പിലാക്കപ്പെടുന്നു. അതേസമയം മുമ്പ് പറഞ്ഞതുപോലെ ലീഡർഷിപ്പ് തലത്തിൽ അമ്മയുടെ ദർശനങ്ങൾ തന്നെ മുഴുവൻ പ്രവർത്തനങ്ങളെയും നയിക്കുകയും ചെയ്യുന്നു. അതാണ് അവരുടെ വിജയം. കേരളത്തിലെ മലയാള മനോരമ, വിഗാർഡ് തുടങ്ങിയ ഏത് സ്ഥാപനത്തിൽ നിന്നും ഇവർ വ്യത്യസ്തരായിരിക്കുന്നതും അതുകൊണ്ടാണ്. അമൃതാനന്ദമയിയുടേതുപോലൊരു വിജയം അതുപോലൊരു വ്യക്തിക്കേ സാധ്യമാകു. അല്ലാത്തവർക്ക് വിജയകരമായി ഒരു ബിസിനസ്സ് നടത്താനായേക്കുമെന്ന് മാത്രം. ഇതുപോലൊരു നേതൃത്വം എല്ലാ സ്ഥാപനത്തിനും കിട്ടുകയില്ല.

സാധാരണ അദ്ധ്യാത്മിക നേതൃത്വങ്ങൾ അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തന്നെയാണ് വ്യാപൃതരാകുക. എന്നാൽ അമൃതാനന്ദമയി സാമൂഹ്യപുരോഗതികൂടി ലക്ഷ്യം വെച്ച് മുന്നേറുകയാണ്. അമൃതാനന്ദമയി ചെയ്യുന്നതെല്ലാം ഓരോ വെഞ്ചറുകളാണ് എന്ന് പറയാം. അവയ്ക്ക് രണ്ട് തലത്തിലുള്ള നേതൃത്വവും ഒരുപോലെ കൊടുക്കാനാകുന്നു എന്നതാണ് അവരുടെ വിജയ രഹസ്യം എന്ന് ചുരുക്കി പറയാം. ഒരു കമ്പനിയുടെ പ്രോഡക്റ്റ്, വില, ടെക്നോളജി ഒക്കെ മറ്റൊരു കമ്പനിക്ക് പകർത്താനാകും, എന്നാൽ അമൃതാനന്ദമയിയുടേതുപോലുള്ള ഒരു സ്പിരിചൽ & ഐഡിയോളജിക്കൽ ലീഡർഷിപ്പ് മറ്റൊരു കമ്പനിക്ക് പകർത്താനാകുകയില്ല. അത് യുനീക്ക് ആയ കാര്യമാണ്.

ഇത്തരത്തിൽ തികച്ചും പ്രൊഫഷണൽ മാനേജ്മെന്റ് ഉണ്ടാകുമ്പോൾ തീർച്ചയായും അതിലേക്ക് ഫണ്ട് വരും. അതാണ് അമൃതാനന്ദമയിയുടെ കാര്യത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ തന്നെ നിരവധി പ്രൊഫഷണലുകൾ അമൃതാനന്ദമയിയുടെ സംരംഭങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാൻ, സേവനം ചെയ്യാൻ തയ്യാറാകുകയും ചെയ്യുന്നു. കൊച്ചിയിലെ അമൃത ആശുപത്രി കേരളത്തിലെ ഏറ്റവും മികച്ച ആശുപത്രിയായിരിക്കുന്നത് അവരുടെ അദ്ധ്യാത്മിക ഇടപെടലിലൂടെ ആത്മസംതൃപ്തി കിട്ടിയവരിലൂടെയാണ്. മറ്റ് പലരും ചെയ്യുന്നതുപോലെ അത്മീയതയെ കച്ചവടത്തിനായി ഉപയോഗിക്കുകയല്ല, അത് ജനങ്ങളെ മോട്ടിവേറ്റ് ചെയ്യുന്നതിനുള്ള ഉപകരണമായി ഉപയോഗിക്കുകയാണ് അവർ ചെയ്യുന്നത്. ജനങ്ങളിൽ പ്രചോദനം ഉണ്ടാക്കുന്നു എന്നതാണ് അവരുടെ ഏറ്റവും വലിയ കഴിവ്.

(തിരുവല്ലയിലെ മാക്ഫാസ്റ്റിന്റെ ഡയറക്ടറാണ് ലേഖകൻ)

## സേവന പ്രവർത്തനങ്ങൾക്ക് സംഘടിത രൂപം നൽകി

കെ എം റോയി



മനുഷ്യസ്നേഹത്തിന് ഊന്നൽ നൽകിക്കൊണ്ട് നിസ്വാർത്ഥമായ സാമൂഹ്യസേവനത്തിന് അവിശ്വസനീയമായ ഒരു സംഘടിത നേതൃത്വം നൽകിയ അമൃതാനന്ദമയിയുടെ പ്രസ്ഥാനം ഭാരത്തിലെ അത്ഭുതകരമായ ഒരു സംരംഭമാണ്. ആയിരക്കണക്കിന് അർപ്പണ മനോഭാവമുള്ള സാമൂഹ്യപ്രവർത്തകരെ സമൂഹത്തിന് സംഭാവനചെയ്യാൻ അമൃതാനന്ദമയിക്ക് കഴിഞ്ഞു എന്നത് തീർത്തും അതിശയകരമായ കാര്യമാണ്.

ആതുര ശുശ്രൂഷ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ അമൃതാനന്ദമയിയുടെ പ്രസ്ഥാനം മൊത്തത്തിൽ ഇന്ത്യയ്ക്കും, പ്രത്യേകിച്ച് കേരളത്തിനും ഒരു പുതിയ മാതൃക തന്നെ സമ്മാനിച്ചിരിക്കുകയാണ്. സാമൂഹിക സേവന പ്രവർത്തം കേരളത്തിൽ മുരടിച്ചു നിന്ന ഒരു കാലഘട്ടത്തിലാണ് അമൃതാനന്ദമയിയുടെ പുതിയ കാൽവെയ്പ്പ് ഉണ്ടായത്. അതിന്റെ ഫലങ്ങൾ കേരളീയർക്ക് മുഴുവൻ അനുഭവസമ്പത്തായി മാറി എന്നുള്ളതാണ് ഈ പ്രസ്ഥാനത്തിന്റെ പ്രത്യേകത. മത പ്രചാരണം ഈ സാമൂഹ്യസേവന കാര്യത്തിൽ ഒരിക്കലും ഒരു ഘടകമായി മാറുന്നില്ല. സുനാമി ദുരിതാശ്വാസപ്രവർത്തനത്തിലെല്ലാം നമുക്ക് കാണാൻ സാധിച്ചത് അതാണ്.

ഇന്ന് ലോകത്ത് എമ്പാടും അമൃതാനന്ദമയി ആദരിക്കപ്പെടുന്നത് മനുഷ്യസ്നേഹത്തിന്റെ സന്ദേശവാഹകയായിട്ടാണ്. അതാണ് ലോക മാധ്യമങ്ങളിൽ അവർ ഇത്രയേറെ സ്ഥാപനം പിടിക്കാൻ കാരണം. എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം ഞാൻ യുഎസിലായിരുന്ന സമയത്തെ അവരുടെ ന്യൂയോർക്ക് സന്ദർശനവുമായി ബന്ധപ്പെട്ട് ഉണ്ടായതാണ്. രണ്ട് അവസരങ്ങളിൽ അവർ അവിടെ സന്ദർശനത്തിന് എത്തിയിരുന്നു. ഈ രണ്ട് അവസരങ്ങളിലും ആൾക്കൂട്ടത്തോടൊപ്പമുള്ള അമൃതാനന്ദമയിയുടെ വർണചിത്രങ്ങളുമായി വലിയ റിപ്പോർട്ടുകൾ ന്യൂയോർക്ക് ടൈംസ്, വാഷിങ്ടൺ പോസ്റ്റ് പോലുള്ള പത്രങ്ങൾ ഒന്നാം പേജിൽ തന്നെ പ്രസിദ്ധീകരിച്ചു എന്നുള്ളത് എന്നെ വിസ്മയപ്പെടുത്തിയ കാര്യമാണ്. സ്നേഹ ശൂന്യത ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന സമൂഹത്തിൽ അവരെ സ്നേഹത്തിന്റെയും സേവനത്തിന്റേയും മാതൃകയായി ചിത്രീകരിക്കാൻ യുഎസ് മാധ്യമങ്ങൾ നൽകുന്ന പ്രധാന്യം തന്നെ സാധാരണ കാണുന്ന ആൾദൈവങ്ങളേക്കാൾ വലിയ മഹത്വം അവരിൽ മാധ്യമങ്ങൾക്ക് കണ്ടെത്താൻ കഴിയുന്നുണ്ട് എന്നതിന് തെളിവാണ്. സേവന പ്രവർത്തനങ്ങൾക്ക് ഒരു സംഘടിത രൂപം നൽകിയിരിക്കുന്നു എന്നതാണ് അമൃതാനന്ദമയിയുടെ പ്രസ്ഥാനം കൈവരിച്ചിരിക്കുന്ന ഏറ്റവും വലിയ നേട്ടം.

**കേരളം അമൃതാനന്ദമയിയെ വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടോ എന്ന് സംശയമാണ്. അവരുടെ സേവനപ്രവർത്തനങ്ങളെ സംശയത്തിന്റെ കണ്ണാടി വെച്ചാണ് പലരും കാണുന്നത്. ഇവിടെ എല്ലാത്തിനും വേറെ ചില രൂപമുണ്ടെന്നതാണ് അതിന് കാരണം**

അത്ഭുതങ്ങൾ കാണിച്ച് ഇവർ പ്രകടനങ്ങൾ നടത്തുന്നില്ല. സ്നേഹത്തെയും സേവനത്തേയും കുറിച്ച് ഏറ്റവും ലളിതമായി സംസാരിക്കുകയാണ് ചെയ്യുന്നത്. മനുഷ്യരിൽ പുതിയ പ്രതീക്ഷ വളർത്തുകയും അതിലൂടെ മാനസികമായ കരുത്ത് പകർന്നുകൊടുക്കുകയുമാണ് അവർ ചെയ്യുന്നത്. എന്നാൽ കേരളം അമൃതാനന്ദമയിയെ വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടോ എന്ന് സംശയമാണ്. അവരുടെ സേവനപ്രവർത്തനങ്ങളെ സംശയത്തിന്റെ കണ്ണാടി വെച്ചാണ് പലരും കാണുന്നത്. ഇവിടെ എല്ലാത്തിനും വേറെ ചില രൂപമുണ്ടെന്നതാണ് അതിന് കാരണം. രാഷ്ട്രീയ പാർട്ടികളുടേയും സംഘടിത മതങ്ങളുടേയും സാമൂഹിക പ്രവർത്തന ചരിത്രത്തിന്റെ അടിസ്ഥാനത്തിലാണ് അമൃതാനന്ദമയിയേയും നമ്മൾ നോക്കികാണുന്നതെന്നതാണ് ഇതിന് കാരണം. അത്തരത്തിൽ ഒരു സംഘടിത മത സാമൂഹ്യപ്രവർത്തനം അല്ലെന്നതാണ് അമൃതാനന്ദമയി പ്രസ്ഥാനത്തിന്റെ മഹത്വം.

(മുതിർന്ന മാധ്യമപ്രവർത്തകനാണ് ലേഖകൻ)

## recall



സുനാമി രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന അമൃതാനന്ദമയി

## Quotes



Anne Bauer

"Decades of insecurity and lack of access to basic social services have undermined livelihoods, increased levels of poverty ... and led to high rates of malnutrition."